# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ജൂൺ 22

# വാർത്താക്കുറിപ്പ്

## എം.ജി.യിൽ പരീക്ഷയ്ക്കും ഫലപ്രഖ്യാപനത്തിനും കൃത്യതയേറും; യു.ജി.-പി.ജി. പരീക്ഷ കലണ്ടറായി

- മികച്ച കോളേജിന് പുരസ്കാരം: വി.സി.

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ പരീക്ഷാനടത്തിപ്പും ഫലപ്രഖ്യാപനവും സമയബന്ധിതമായി നടപ്പാക്കാൻ 2019-20 അധ്യയന വർഷത്തെ പരീക്ഷ കലണ്ടർ തയ്യാറാക്കിയതായി വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് പറഞ്ഞു. സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ യോഗം സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സർവകലാശാലയ്ക്ക് കീഴിലുള്ള മികച്ച കോളേജിനെ കണ്ടെത്തി പുരസ്കാരം നൽകും. ഗവേഷണത്തിലടക്കം കോളേജുകളും സർവകലാശാലയും ഒന്നിച്ച് പ്രവർത്തിക്കണം. ഉത്തരക്കടലാസുകളുടെ ഓൺലൈൻ മൂല്യനിർണയം സാധ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. കോളേജുകൾ അറിവ് സമൂഹത്തിലേക്ക് പകർന്നു നൽകാനുള്ള കൂടുതൽ പ്രവർത്തനങ്ങൾ നടത്തണമെന്നും അദ്ദേഹം പറഞ്ഞു.

സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ അധ്യക്ഷത വഹിച്ചു. എല്ലാ പരീക്ഷകളുടെയും മൂല്യനിർണയം കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പുകളിലൂടെ നടത്തുമെന്ന് മുഖ്യപ്രഭാഷണം നടത്തിയ സിൻഡിക്കേറ്റ് പരീക്ഷ ഉപസമിതി കൺവീനർ ഡോ. ആർ. പ്രഗാഷ് പറഞ്ഞു.

ബിരുദ, ബിരുദാനന്തര പരീക്ഷകളുടെ ഒന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 23നും മൂന്നാം സെമസ്റ്റർ പരീക്ഷ ഒക്ടോബർ 10നും അഞ്ചാം സെമസ്റ്റർ യു.ജി. പരീക്ഷ ഒക്ടോബർ 11നും ആരംഭിക്കും. സെപ്തംബർ 10ന് പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിക്കും. പരീക്ഷ കഴിഞ്ഞാലുടൻ പ്രാക്ടിക്കൽ നടക്കും. ഇന്റേണൽ അസസ്മെന്റ് മാർക്കുകൾ ഒക്ടോബർ 31നകം നൽകണം. മൂല്യനിർണയം നവംബർ നാലു മുതൽ 16 വരെ നടക്കും. ഒന്നാം സെമസ്റ്റർ യു.ജി. പി.ജി. ഫലം ജനുവരി 25നും മൂന്നാം സെമസ്റ്റർ യു.ജി. പി.ജി. ഫലം ഡിസംബർ 31നും അഞ്ചാം സെമസ്റ്റർ യു.ജി. ഫലം ഡിസംബർ 20നും പ്രഖ്യാപിക്കും. അഞ്ചാം സെമസ്റ്റർ സപ്ലിമെന്ററി പരീക്ഷകൾ ഫെബ്രുവരി 10 മുതൽ 14 വരെ നടക്കും. രണ്ട്, നാല്, ആറ് സെമസ്റ്റർ യു.ജി., പി.ജി. പരീക്ഷകളുടെ വിജ്ഞാപനം ഫെബ്രുവരി മൂന്നിന് പ്രസിദ്ധീകരിക്കും. രണ്ടാം സെമസ്റ്റർ യു.ജി. പരീക്ഷ മാർച്ച് 17നും നാലാം സെമസ്റ്റർ യു.ജി., രണ്ടാം സെമസ്റ്റർ പി.ജി. പരീക്ഷകൾ മാർച്ച് മൂന്നിനും ആറാം സെമസ്റ്റർ യു.ജി., നാലാം സെമസ്റ്റർ പി.ജി. പരീക്ഷകൾ മാർച്ച് നാലിനും ആരംഭിക്കും. പരീക്ഷ കഴിഞ്ഞാലുടൻ പ്രാക്ടിക്കൽ നടക്കും. മാർച്ച് 27നകം ഇന്റേണൽ അസസ്മെന്റ് മാർക്കുകൾ നൽകണം. ഏപ്രിൽ ഒന്നിന് മൂല്യനിർണയം ആരംഭിക്കും. യു.ജി. ഫലം ഏപ്രിൽ 29നും പി.ജി. ഫലം മെയ് 25നും പ്രഖ്യാപിക്കും.

അധ്യാപക പോർട്ടലിൽ വിവരങ്ങൾ കൃത്യമായി ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് പ്രിൻസിപ്പൽമാർ ഉറപ്പാക്കണം. അധ്യാപകർ കൃത്യമായി രജിസ്ട്രേഷൻ നടത്തിയാലേ വിദ്യാർഥികൾക്ക് പരീക്ഷ രജിസ്ട്രേഷൻ നടത്താനാവൂ. പോർട്ടലിലെ രജിസ്ട്രേഷൻ അടിയന്തിരമായി പൂർത്തീകരിക്കണം. പരീക്ഷ രജിസ്ട്രേഷന് കോഴ്സ് മാപ്പിംഗ് നടത്തും. സെമസ്റ്റർ പരീക്ഷകൾക്ക് രജിസ്ട്രേഷൻ നടത്തുമ്പോൾ

പഠിക്കുന്ന വിഷയങ്ങളുടെ മാപ്പിംഗ് നടത്തണം. പ്രൈവറ്റ് ബിരുദ പരീക്ഷകൾ റഗുലർ ബിരുദ പരീക്ഷകൾക്കൊപ്പം നടത്തും. അക്കാദമിക-പരീക്ഷ കലണ്ടർ അനുസരിച്ച് കോളേജുകളുടെ പ്രവർത്തനം ക്രമീകരിക്കണം. ക്യാമ്പുകളിൽ അധ്യാപകരെ നിയോഗിക്കുന്നതിന് പ്രിൻസിപ്പൽമാർ മേൽനോട്ടം വഹിക്കണം. പ്രിൻസിപ്പൽമാരുടെ യോഗത്തിലെ തീരുമാനങ്ങൾ കോളേജിലെ അധ്യാപകരെ അറിയിക്കുന്നതിന് പ്രിൻസിപ്പൽമാരെ ചുമതലപ്പെടുത്തി. സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. ടോമിച്ചൻ ജോസഫ്, ഡോ. കെ. കൃഷ്ണദാസ്, ഡോ. എ. ജോസ്, ഡോ. എം.എസ്. മുരളി, ഡോ. അജി സി പണിക്കർ, വി.എസ്. പ്രവീൺകുമാർ, രജിസ്ട്രാർ ഡോ. കെ. സാബുക്കുട്ടൻ, പരീക്ഷ കൺട്രോളർ പ്രൊഫ. ബി. പ്രകാശ് കുമാർ എന്നിവർ പ്രസംഗിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ യോഗം സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം ചെയ്യുന്നു**

(പി.ആർ.ഒ./39/1180/2019)

**എൻ.എസ്.എസ്. സുവർണ ജൂബിലി, ഗാന്ധിജിയുടെ 150-ാം ജന്മവാർഷികം**

## ശുചിത്വ സാക്ഷരത യജ്ഞവുമായി

## എം.ജി. സർവകലാശാല എൻ.എസ്.എസ്.

നാഷണൽ സർവീസ് സ്കീമിന്റെ സുവർണ ജൂബിലിയും മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മവാർഷികവും വൈവിധ്യമാർന്ന പരിപാടികളിലൂടെ ആഘോഷിക്കാനൊരുങ്ങി മഹാത്മാ ഗാന്ധി സർവകലാശാല എൻ.എസ്.എസ്. ശുചിത്വശീലങ്ങൾ വളർത്തുന്നതിനും ബോധവത്ക്കരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമായി കാമ്പസുകളിൽ ആറുമാസം നീളുന്ന ശുചിത്വ സാക്ഷരത യജ്ഞം നടത്തും. കാമ്പസുകളിൽ ഹരിതചട്ടം നടപ്പാക്കുകയും വോളണ്ടിയർമാർ വഴി വീടുകളിൽ ശുചിത്വ ശീലങ്ങൾ പ്രാവർത്തികമാക്കുകയുമാണ് ലക്ഷ്യം.

മാലിന്യങ്ങൾ വലിച്ചെറിയുന്ന ശീലം നിരുത്സാഹപ്പെടുത്തുന്നതിനായി ആരംഭിച്ച 'വലിച്ചെറിയൽ മുക്ത കാമ്പസ്; ഗ്രാമം, നഗരം' പദ്ധതി വിപുലീകരിക്കും. ഗാന്ധിജിയുടെ 150-ാം ജന്മ വാർഷികത്തോടനുബന്ധിച്ച് 'പ്ലാന്റ് എ വോളണ്ടിയർ, പ്ലാന്റ് എ ട്രീ' എന്ന പദ്ധതി നടപ്പാക്കും. എൻ.എസ്.എസ്. വോളണ്ടിയറായി ചേരുന്ന ഓരോരുത്തരും ഓരോ മരം നട്ട് പരിപാലിച്ച് വളർത്തുന്ന പദ്ധതിയാണിത്. ഇതുകൂടാതെ എല്ലാ കോളേജുകളിലും 150 വൃക്ഷത്തൈകൾ നട്ട് പരിപാലിക്കും. കാമ്പസുകളിൽ ജൈവ വൈവിധ്യ പാർക്കുകൾ നിർമ്മിക്കും. എൻ.എസ്.എസിന്റെ സുവർണ ജൂബിലിയോടനുബന്ധിച്ച് ഒക്ടോബർ രണ്ടിന് മഹാസംഗമം സംഘടിപ്പിക്കും.

എല്ലാ കോളേജുകളിലും എൻ.എസ്.എസിന്റെ ഉപദേശകസമിതി യോഗം അധ്യയനവർഷാരംഭം തന്നെ ചേരണമെന്ന് എൻ.എസ്.എസ്. യൂണിറ്റുകളുള്ള കോളേജുകളുടെ പ്രിൻസിപ്പൽമാരുടെ യോഗം ഉദ്ഘാടനം ചെയ്ത് രജിസ്ട്രാർ ഡോ. കെ. സാബുക്കുട്ടൻ പറഞ്ഞു. പ്രിൻസിപ്പൽ ചെയർമാനും എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ കൺവീനറുമായ ഉപദേശകസമിതി അധ്യയന വർഷാവസാനത്തിലും യോഗം ചേർന്ന് പ്രവർത്തനം വിലയിരുത്തണം. മോശം പ്രകടനം കാഴ്ചവയ്ക്കുന്ന എൻ.എസ്.എസ്. യൂണിറ്റുകൾ തിരിച്ചെടുക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. എൻ.എസ്.എസ്. യൂണിറ്റുകൾ ഏറ്റെടുക്കുന്ന പങ്കാളിത്ത ഗ്രാമത്തിൽ ഓണം/ക്രിസ്മസ് അവധിക്കാലത്ത് സ്പെഷൽ ക്യാമ്പ് നിർബന്ധമായും നടത്തണമെന്നും രജിസ്ട്രാർ പറഞ്ഞു. പ്രോഗ്രാം ഓഫീസർമാർക്ക് വിദഗ്ധ പരിശീലനം നൽകുമെന്നും യൂണിറ്റുകൾക്കനുവദിച്ച ഫണ്ടിന്റെ കണക്കുകൾ ഓഡിറ്റ് ചെയ്ത് സമർപ്പിക്കണമെന്നും 2019-2020ലെ പ്രവർത്തന രൂപരേഖ തയ്യാറായതായും അധ്യക്ഷത വഹിച്ച എൻ.എസ്.എസ്. കോ-ഓർഡിനേറ്റർ പ്രൊഫ. എം.ജെ. മാത്യു പറഞ്ഞു.

(പി.ആർ.ഒ./39/1181/2019)

## ബിരുദാനന്തര ബിരുദ ഏകജാലകം: എസ്.സി./എസ്.ടി. പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

**– ജൂൺ 24 ന് വൈകീട്ട് നാലിനകം പ്രവേശനം നേടണം**

മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള കോളേജുകളിൽ ഏകജാലകം വഴി ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള എസ്.സി./എസ്.ടി. ഒന്നാം പ്രത്യേക അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മന്റ് ലഭിച്ചവർ ഓൺലൈനായി ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ടും യോഗ്യത തെളിയിക്കുന്ന അസൽ സാക്ഷ്യപത്രങ്ങളുമായി ജൂൺ 24ന് വൈകീട്ട് നാലിനകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടണം. ജൂൺ 24നകം ഫീസടയ്ക്കാത്തവരുടെയും ഫീസടച്ചശേഷം പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കും. കോളേജുകളിൽ പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യുന്നവർ കൺഫർമേഷൻ സ്ലിപ് ചോദിച്ചുവാങ്ങണം. പ്രവേശനം സംബന്ധിച്ച വിവരങ്ങൾ കൃത്യമായി അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. പ്രവേശനം ആഗ്രഹിക്കുന്ന എല്ലാവരും സ്ഥിരപ്രവേശനം നേടേണ്ടതാണ്. താത്കാലിക പ്രവേശനംഅനുവദിക്കില്ല.

(പി.ആർ.ഒ./39/1182/2019)

## ഇന്നത്തെ (ജൂൺ 23) പ്രവേശന പരീക്ഷ മാറ്റി

മഹാത്മാ ഗാന്ധി സർവകലാശാല സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്ന പ്രിലിംസ് കം മെയിൻസ് ക്ലാസുകളിലേക്കുള്ള വിദ്യാർഥികൾക്കായി ഇന്ന് (ജൂൺ 23) നടത്താനിരുന്ന പ്രവേശന പരീക്ഷ ജൂൺ 30ലേക്ക് മാറ്റിയതായി സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ അറിയിച്ചു.

(പി.ആർ.ഒ./39/1183/2019)

## പരീക്ഷഫലം

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. ബയോകെമിസ്ട്രി (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1184/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്‌സി. ബോട്ടണി (സി.എസ്.എസ്. റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ ആറുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1185/2019)

2018 ജൂണിൽ നടന്ന ആറാം സെമസ്റ്റർ, 2018 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ (2013ന് മുമ്പുള്ള അഡ്മിഷൻ) ബി.എസ്‌സി. സി.ബി.സി.എസ്.എസ്. (മോഡൽ I, II, III) സപ്ലിമെന്ററി, മേഴ്സി ചാൻസ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1186/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ